## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 611
## 11.12.2012-ലെ മറുപടിക്ക്

### പെരുമ്പാവൂർ സബ് ട്രഷറി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സാജു പോൾ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | പെരുമ്പാവൂർ സബ് ട്രഷറി നിർമ്മാണം പൂർത്തിയായിട്ടും മിനി സിവിൽ സ്റ്റേഷനിലെ പുതിയ മന്ദിരത്തിലേക്ക് മാറ്റാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പെരുമ്പാവൂർ സബ് ട്രഷറിയുടെ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടില്ല. കൗണ്ടർ, ജനറേറ്റർ മുതലായവ സ്ഥാപിക്കേണ്ടതായുണ്ട്. |
| ബി) | ജീർണ്ണാവസ്ഥയിലായ പഴയ കെട്ടിടത്തിൽ നിന്നും ട്രഷറി മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ ജി.ഒ (ആർ.ടി) നം: 376/2011/ധന തീയതി 17.01.2011 പ്രകാരം ഇൻകെലിനെ ഏൽപ്പിച്ചിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തിയാകാത്തതിനാലാണ് ട്രഷറി സിവിൽ സ്റ്റേഷനിലേക്ക് മാറ്റാത്തത്. |
| സി) | മിനി സിവിൽ സ്റ്റേഷൻ മന്ദിരത്തിലേക്ക് ട്രഷറി മാറ്റുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ? | വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

ഡെപ്യൂട്ടി സെക്രട്ടറി